# ഠണ്ഡാ മത്‌ലബ്..... കൊക്കകോള

**സി. ആർ. നീലകണ്ഠൻ നമ്പൂതിരി**

കിണറ്റിൽ ബക്കറ്റ് കെട്ടിയിറക്കി അതിൽ കോക്ക് സൂക്ഷിക്കുന്നു. ദാഹിച്ചു വലഞ്ഞുവരുന്ന നഗരസുന്ദരികൾക്ക് ഗ്രാമ്യഭാഷയിൽ സംസാരിക്കുന്ന നായകൻ ഒരു കൗതുക വസ്തുവാണ്. എന്നാൽ 'ഠണ്ഡാ' (തണുത്തത്) കുടിക്കുന്ന ആ സുന്ദരികൾക്ക് ബക്കറ്റ് വലിച്ചുകയറ്റി അതിൽ നിന്നും കോക്ക് കുപ്പി തുറന്നുകൊടുക്കുകയാണ്.

ലഗാൻ നായകനെ ഉപയോഗിച്ച് 'തണുത്തതെന്നാൽ കൊക്കകോള' (ഠണ്ഡാ മത്‌ലബ് കൊക്കകോള) എന്ന് നാട്ടുകാരെ പഠിപ്പിക്കുകയാണ്. ഇന്ത്യയിൽ തങ്ങളുടെ ശത്രു പെപ്സിയല്ലെന്ന് പണ്ടേ തിരിച്ചറിഞ്ഞവരാണല്ലോ അവർ. നിംബുപാനിയെന്ന നാരങ്ങാവെള്ളം, നമ്മുടെ നന്നാരി സർബത്ത്, പിന്നെ ശുദ്ധമായ പച്ചവെള്ളം. എത്ര ആഞ്ഞു ശ്രമിച്ചിട്ടും ക്രിക്കറ്റ്-ടി.വി-സിനിമാ താരങ്ങളെയൊക്കെ പിടിച്ചിട്ടും പെപ്സിയും കോക്കും ഇന്ത്യൻ ജനതയുടെ പൂർണ്ണ ആശ്രയമായിട്ടില്ലല്ലോ.

അതുകൊണ്ടുതന്നെ ഏതുവിധേനയും ഇന്ത്യയിൽ പിടിമുറുക്കുന്നതിനുള്ള പരിശ്രമത്തിലാണ് ഈ കുത്തക. ഉന്നത തലത്തിൽ തന്നെയാണ് ഇതിനായി അവർ ശ്രമങ്ങൾ തുടരുന്നത്.

ഒരു രാജ്യത്ത് വ്യവസായം തുടങ്ങുമ്പോൾ അവിടെ നിലനിൽക്കുന്ന പരിമിതമായ നിയമങ്ങളെങ്കിലും അനുസരിക്കാൻ പോലും തങ്ങൾ തയ്യാറല്ലെന്ന ധാർഷ്ട്യമാണ് കോക്കിന്. ഏതു വിദേശ കമ്പനിയും ഇന്നാട്ടിൽ മുതലിറക്കുമ്പോൾ ആ മേഖലയിൽ ഓഹരിക്കുള്ള വിദേശപരിധി എത്രയാണെന്ന് അറിയണം. ബാക്കി ഓഹരികൾ ഒരു നിശ്ചിത സമയത്തിനകം സ്വദേശികമ്പോളത്തിൽ പൊതുവായി വിറ്റഴിക്കണം. 1997ൽ കൊക്കക്കോള കമ്പനി ഇവിടെ പ്രവർത്തനമാരംഭിച്ചപ്പോൾ ഒപ്പിട്ട കരാർ അവർ പാലിക്കുന്നില്ലെന്ന് മാത്രമല്ല, അത് പാലിക്കണമെന്ന് പറയുന്നതുതന്നെ ഇല്ലാതാക്കാൻ അമേരിക്കൻ ഭരണകൂടം വരെ ഇടപെടുകയും ചെയ്യുന്നു.

കോക്കിനെ നിർബന്ധിക്കാൻ കേന്ദ്രവ്യാപാര മന്ത്രി മുരശൊലിമാരൻ ശ്രമിച്ചുവെങ്കിലും പിന്നീടുണ്ടായതെല്ലാം മാരന്റെ തലക്കുമുകളിലൂടെയായിരുന്നു. ഇടപെട്ടവർ ചില്ലറക്കാരല്ല. അമേരിക്കയിലെ ഒരു അസിസ്റ്റന്റ് സെക്രട്ടറിയും ഇന്ത്യയിലെ യു. എസ്. അംബാസിഡർ റോബർട്ട് ഡി ബ്ലാക്ക്‌വെല്ലും ഇന്ത്യയിൽ ബന്ധപ്പെട്ടത പ്രധാനമന്ത്രിയുടെ പ്രത്യേക സെക്രട്ടറി ബ്രിജേഷ് മിശ്രയുമായിട്ടായിരുന്നു. ബ്രിജേഷ് മിശ്രയ്ക്ക് നൽകിയ കത്തുകളുടെ ചില ഭാഗങ്ങൾ ബിസിനസ് ലൈൻ പത്രം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രശ്നത്തിന്റെ പശ്ചാത്തലം വിവരിച്ച് ബ്ലാക്‌വിൽ പറയുന്നു- "ഇന്ത്യയിൽ നടപ്പിലാക്കി വരുന്ന സാമ്പത്തിക പരിഷ്കാരങ്ങളുടേയും ഉയർന്ന തോതിൽ നേരിട്ടുള്ള വിദേശനിക്ഷേപം നേടാനുള്ള കഠിനപരിശ്രമങ്ങളുടേയും പശ്ചാത്തലത്തിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് ഇരുകൂട്ടർക്കും സ്വീകാര്യമായ അല്പം അയഞ്ഞ സമീപനം താങ്കളുടെ ഭാഗത്തുനിന്നും ഉണ്ടാകണം." ഇവിടെ 'ഇരുഭാഗത്തും' എന്ന പ്രയോഗത്തിനു തന്നെ പ്രസക്തിയില്ല. നിയമലംഘകനോട് ഭരണകൂടം 'അയഞ്ഞ സമീപനം' സ്വീകരിക്കണമെന്നാണ് ആവശ്യം.

കൊക്കകോളക്ക് 'വേദനാജനകമായ' നിലപാടാണ് മാരൻ എടുക്കുന്നതെന്ന് പറഞ്ഞുകൊണ്ട് യുഎസിലെ അസിസ്റ്റന്റ് സെക്രട്ടറി എഴുതിയ കത്തിലെ വരികൾ കുറേക്കൂടി ശക്തമാണ്. മറ്റു പലരുടെ കാര്യങ്ങളിലും സർക്കാർ വിട്ടുവീഴ്ചക്ക് തയ്യാറായിട്ടുണ്ടെന്നുകൂടി ഓർമ്മിപ്പിച്ചുകൊണ്ട് ഇന്നത്തെ പരിസ്ഥിതിയിൽ കൊക്കകോളയുടെ അപേക്ഷ ന്യായമാണ്, അതനുവദിക്കണം എന്നാണവസാനിപ്പിക്കുന്നത്.